ഉത്തരം

(എ) ഈ വർഷം കാസർഗോഡ് ഒരു പുതിയ വിൽപ്പനശാല തുറക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര, കോട്ടയം, എറണാകുളം, തേക്കടി, കോഴിക്കോട്, കണ്ണൂർ, ബേക്കൽ, തൃശ്ശൂർ, ചെന്നൈ, ഊട്ടി, കോയമ്പത്തൂർ, കൊടൈയ്ക്കനാൽ, നാഗർകോവിൽ, ഗോവ, മുംബൈ, ബാംഗ്ളൂർ, ഹൈദ്രാബാദ്, ന്യൂഡൽഹി, ആഗ്ര എന്നീ സ്ഥലങ്ങളിൽ വിൽപ്പനശാലകളുണ്ട്.

48 (2196) ആർട്ടിസാൻസിനുവേണ്ടിയുള്ള ഹൗസ്-കം-വർക്ക് ഷെഡ്

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ കൈത്തറി വ്യവസായത്തിന് കീഴിൽ ആർട്ടിസാൻസിനുവേണ്ടിയുള്ള ഹൗസ്-കം-വർക്ക്ഷെഡ് പദ്ധതി പ്രകാരം എത്ര രൂപ വകകൊള്ളിച്ചിരുന്നു;

(ബി) ഇതിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(സി) തുക ഒന്നും ചെലവാക്കിയിട്ടില്ലെങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(ഡി) ഇതിനായി കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കു വീടും പണിപ്പുരയും നിർമ്മിക്കുന്നതിനുള്ള പദ്ധതിയായ ഹൗസ്-കം-വർക്ക്ഷെഡ് പദ്ധതിയിൽ 1999-2000 വർഷത്തിൽ 80 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി)&(സി) 75.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഹൗസ്-കം-വർക്ക്ഷെഡ് പദ്ധതി (100%കേന്ദ്രവിഹിതം) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാനം ആവശ്യമായ തുക ചെലവഴിച്ച ശേഷം കേന്ദ്ര സർക്കാരിൽനിന്നും റീഇമ്പേഴ്സ്മെന്റ് ആയി വാങ്ങുന്നു. 1999-2000 വർഷത്തിൽ ചെലവാക്കുന്ന തുക 31-3-2000 ന് ശേഷം കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെടുന്നതാണ്.

49 (2197) സെറിഫെഡിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly